LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട മോട്ടോർ വാഹനങ്ങളുടെ എണ്ണം

122 [576] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മോട്ടോർ വാഹനങ്ങൾ 2004 ജൂൺ 30 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഹെവി വെഹിക്കിൾസ് എത്ര; ലൈറ്റ് വെഹിക്കിൾസ് എത്ര;

(സി) ലൈറ്റ് വെഹിക്കിൾസിൽ ടൂ വീലർ എത്ര; ത്രീ വീലർ എത്ര?

ഉത്തരം

(എ) സംസ്ഥാനത്ത് 2004 മാർച്ച് 31 വരെ 2,832,872 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശേഷം ഉള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി)	ഹെവി വെഹിക്കിൾസ്	. . 240,241
	ലൈറ്റ് വെഹിക്കിൾസ്	. . 2,592,631
(സി)	ടൂ വീലർ	. . 1,450,407
	ത്രീ വീലർ	. . 285,155

കെ.എസ്.ആർ.ടി.സി.-യിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ

123 [577] ശ്രീ. പി. കെ. ബാവ:

" സി. മോയിൻകുട്ടി:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" വി. കെ. ഇബ്രാഹിം കുഞ്ഞ്:

" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്; അതിന് എന്തു തുക ചെലവായി;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഇത്തരം എത്ര മെഷീനുകൾ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇനിയും എത്ര ഇത്തരം മെഷീനുകൾ വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്;

(ഡി) ഈ ഇനത്തിൽ ആകെ എന്തു ചെലവ് വരും;

(ഇ) ഏത് കമ്പനിയാണ് മെഷീൻ നൽകുന്നത്;